പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *125 02.07.2015 ലെ മറുപടിയ്ക്ക്

## കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ കാർഷികോത്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നത് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളിൽ റബ്ബറിനാണ് ഇപ്പോൾ വിലയിടിവ് ഉണ്ടായിരിക്കുന്നത്. |
| (ബി) | ഇവയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | റബ്ബറിനുണ്ടാകുന്ന വിലയിടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ദോഷകരമാകുന്നുണ്ട്. |
| (സി) | വിലയിടിവ് തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട്; | (സി) & (ഡി) | സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമാണ്. വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14- ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നം.232/2014/കൃഷി, തീയതി 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ(എം.എസ്) നം.254/2014/കൃഷി, തീയതി 06-11-2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും |
| (ഡി) | ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ; എങ്കിൽ വിശദമാക്കാമോ ? | | |

കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുന്നതിനായി സ.ഉ(എം.എസ്)നം.176/2014/കൃഷി, തീയതി 16-08-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.304/2014/കൃഷി തീയതി 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16- ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ(എം.എസ്) നം.41/2015 തീയതി 11-03-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക്, കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട കാർഷികവിളകളായ നെല്ലിനും നാളികേരത്തിനും ഉണ്ടാകാറുള്ള വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**